പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2238 — 08.12.2015-ൽ മറുപടിയ്ക്ക്

## വൈദ്യുതി ചാർജ്ജ് വർദ്ധന

**ചോദ്യം**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

**ഉത്തരം**

ശ്രീ..ആര്യാടൻ മുഹമ്മദ്

ഊർജ്ജ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ള തെന്ന് വിശദമാക്കുമോ? | (എ) | 2015-2016 സാമ്പത്തിക വർഷത്തേയ്ക്ക് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല.<br>2015-16 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളെ സംബന്ധിച്ച ARR & ERC പെറ്റീഷൻ കെ.എസ്.ഇ.ബി.ലി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്മേൽ കമ്മീഷൻ തീരുമാനമെടുത്തിട്ടില്ല.<br>ഫ്യൂവൽ സർചാർജ്ജ് റെഗുലേഷന വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് 2014 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 32.39 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് 21.10.2014-ൽ കമ്മീഷൻ മുമ്പാകെ ബോർഡ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ റെഗുലേറ്ററി കമ്മീഷൻ 08.01.2015-ലെ ഉത്തരവ് പ്രകാരം തീർപ്പ് കൽപ്പിക്കുകയും 32.05 കോടി രൂപ അധിക ബാധ്യതയായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക ഉടനടി സർചാർജ്ജായി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടില്ല. എന്നാൽ ടി തുക വരും പാദ വർഷങ്ങളിൽ കമ്മീഷൻ അംഗീകരിച്ചേക്കാവുന്ന |

ഇന്ധന സർചാർജ്ജിനോടൊപ്പം ഈടാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട് .

കൂടാതെ, 2014 ജൂലൈ മുതൽ 2014 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഉണ്ടായ അധിക ബാധ്യതയായ 34.95 കോടി രൂപ നികത്തുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 25.11.2014 ൽ കമ്മീഷനു മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

2014 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഉണ്ടായ അധിക ബാധ്യതയായ 44.55 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് 17.04.2015–ൽ കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുകളുടെ മേൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ് നടത്തിയെങ്കിലും അന്തിമ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

2015 ജനുവരി മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 43.85 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കുന്നതിനായി 21.05.2015–ൽ കെ.എസ്.ഇ.ബി.ലി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുളള പെറ്റീഷനിന്മേലും റെഗുലേറ്ററി കമ്മീഷൻ തീരുമാനം എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ